# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
# ഇരിട്ടി ഹയർസെക്കൻഡറി സ്കൂൾ







# വിദ്യാലയ വിവരങ്ങൾ




- സ്കൂളിന്റെ പേര് :ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ
- സ്കൂൾ കോഡ് :14047
- ക്ലാസ്സുകൾ :6മുതൽ 12വരെ
- പഠന മാധ്യമം :മലയാളം &ഇംഗ്ലീഷ്
- മേൽവിലാസം :കീഴൂർ (പി ഒ ), ഇരിട്ടി, കണ്ണൂർ ജില്ല
- പിൻകോഡ് :670703
- ഫോൺ നമ്പർ :04902491105
- ഇ-മെയിൽ അഡ്രസ്സ് :irittyhs@gmail.com
- ഗവണ്മെന്റ്/ എയിഡഡ് :എയിഡഡ്
- മുനിസിപ്പാലിറ്റി :ഇരിട്ടി
- സബ് ജില്ല :ഇരിട്ടി
- വിദ്യാഭ്യാസ ജില്ല :തലശ്ശേരി
- റവന്യൂ ജില്ല :കണ്ണൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

**വിദ്യാഭ്യാസത്തിന്റെ മഹത്തായ ലക്ഷ്യം അറിവല്ല, പ്രവൃത്തിയാണ്.**
**--ഹെർബർട്ട് സ്പെൻസർ**

**"മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്ക്കാരമാണ് വിദ്യാഭ്യാസം" - സ്വാമി വിവേകാനന്ദ**

അറിവിനും അനുഭവങ്ങൾക്കുമപ്പുറം അറിവിന്റെ കൊടുക്കൽ വാങ്ങലുകൾക്ക് കൂടുതൽ സാധ്യത ഒരുക്കുന്ന
അക്കാദമിക സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ. അറിവിന്റെ വെളിച്ചം അശരണരും ദുർബലരുമായ സാധാരണ മനുഷ്യന് പകർന്നുനൽകിയതിൽ നമ്മുടെ സ്കൂളുകൾ വഹിച്ച പങ്ക് നിസ്തുലമാണ്. മണ്ണിനോട് മല്ലിടുന്ന കൂലിവേലക്കാർക്കും ചെടികളോട് മല്ലിടുന്ന കർഷകർക്കും ഊരുകളിലും കോളനികളിലും ജീവിതം ഹോമിച്ചിരുന്ന പിന്നോക്ക സമുദായക്കാർക്കും ഒരുകാലത്ത് അപ്രാപ്യമായിരുന്ന വിദ്യയെ അവർക്കിടയിൽ സാർവ്വത്രികമാക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട് .ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ എന്നതിൽ തർക്കമില്ല.ബാവലിപ്പുഴയും ബാരാപ്പുഴയും കൂടിച്ചേരുന്ന സ്ഥലം ആയതുകൊണ്ട് നാട്ടുകാർ സ്ഥലത്തെ "ഇരട്ടപ്പുഴ"എന്ന് വിളിച്ചു.അങ്ങിനെ ഇരട്ടപ്പുഴ ഒഴുകുന്ന സ്ഥലം പിന്നീട് ഇരിട്ടിയായി മാറുകയായിരുന്നു.ആ ഇരിട്ടിയിൽ മലയോര ജനതയുടെ സ്വപ്നസാക്ഷാത്കാരമായി 1956ൽ ഒരുപറ്റം നല്ല മനുഷ്യരുടെ ജീവിതസാഫല്യമാണ് ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ എന്ന ഈ സ്ഥാപനം.അക്ഷരം നിഷേധിക്കപ്പെട്ട ഒരു കാലഘട്ടത്തിൽ നിന്നും ഒരു നാടിന്റെയാകെ അക്ഷര.സാമൂഹ്യ സാംസ്കാരിക കേന്ദ്രമായി മാറിയിരിക്കുകയാണ് ഈ വിദ്യാലയം.നന്മകളാൽ സമൃദ്ധമായ ഒരു ഗ്രാമത്തിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് സാമൂഹ്യ പ്രവർത്തനം ജീവിതവ്രതമാക്കിയ നിരവധി ത്യാഗി വര്യൻമാരുടെ നിസ്വാർത്ഥമായ പ്രവർത്തനത്തിന്റെയും ഒരു പ്രദേശത്തിന്റെ ആകെ കൂട്ടായ്മയുടെയും പ്രതീകമാണ് ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ എന്ന ഈ സ്ഥാപനം. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്  എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാര മാണ് ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാ ഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നലപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങ ളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ

## *നിലവിൽ വിദ്യാലയം : മികവുകളും പരിമിതികളും*

ഇരിട്ടിയിലും സമീപ മലയോര പ്രദേശങ്ങളിലും സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കുന്നതിനായി സ്ഥലത്തെ വിദ്യാഭ്യാസ തൽപരരായ പ്രധാന വ്യക്തികളുടെയും നാട്ടുകാരുടെയും കൂട്ടായ പ്രവർത്തനത്തിൽ 1956ൽ ഈ സ്കൂൾ സ്ഥാപിതമായി.
ഇരിട്ടി പട്ടണത്തിൽ നിന്ന് ഏകദേശം ഒരു കിലോമീറ്റർ മാത്രം മാറി ശാന്തമായ കുന്നിൻ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്കൂൾ മലയോര ജനതയുടെ സ്വപ്നസാക്ഷാത്കാരമാണ്. 2025-26 അക്കാദമിക വർഷത്തിൽ യുപി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി 1300 ഓളം കുട്ടികളും 60ഓളം അധ്യാപകരും ഏഴോളം അനധ്യാപകരും ഇവിടെയുണ്ട്.. ആറുമുതൽ പത്താംതരം വരെ മലയാളം, ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. എസ്എസ്എൽസി പരീക്ഷയിൽ തുടർച്ചയായി 8 തവണ 100% വിജയം നേടാനും മലയോര മേഖലയിലെ ഏറ്റവും കൂടുതൽ എ പ്ലസ് നേടിയ വിദ്യാലയമായി മാറാനും ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. 2024-25 അക്കാദമിക് വർഷത്തിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ വേണ്ടി ഞങ്ങൾ പ്രീ ടെസ്റ്റുകളും കയ്യെഴുത്ത് മെച്ചപ്പെടുത്താൻ വേണ്ടി ആറ് ഏഴ് എട്ട് ക്ലാസുകളിലെ കുട്ടികൾക്ക് കോപ്പിയെഴുത്ത് പരിശീലനം നൽകുകയും ചെയ്തു.
ജൂൺ 2 പ്രവേശനോത്സവത്തോടെ പുതിയ വിദ്യാലയ വർഷം ആരംഭിച്ചു. നഗരസഭാ ചെയർപേഴ്സൺ ശ്രീമതി കെ ശ്രീലത, വിവിധ കൗൺസിലർമാർ, പിടിഎ, എം പി ടി എ,ജനപ്രതിനിധികൾ, രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു. അക്കാദമിക് മാസ്റ്റർ പ്ലാൻ ജൂൺ 26ന് SRG കൺവീനർ ശ്രീമതി ഷെറീന ടീച്ചർ പ്രധാന അദ്ധ്യാപകൻ ശ്രീ പുരുഷോത്തമൻ മാസ്റ്റർക്ക് കൈമാറി. വായനയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കാൻ  വായന മാസാചാരണവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും അവധികാല വായനാനുഭവങ്ങളുടെ പ്രകാശനവും യുവ എഴുത്തുകാരി അമൃത കേളകം ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി നടത്തിയ കൈയെഴുത്തു മാസിക ആയ 'വേനൽ ചങ്ങാതി 'പ്രകാശനം ചെയ്തു.കൂടാതെ വായന ദിനത്തിന്റെ ഭാഗമായി ശ്രീമതി റംല ടീച്ചർ 'ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂളിന്റെ ചരിത്ര നാദം 'വളരെ മികച്ച രീതിയിൽ തയ്യാറാക്കി. യോഗദിനം, ലോക സംഗീത ദിനം എന്നിവ ആചരിച്ചു. 2024-25 വർഷത്തെ എസ്എസ്എൽസി, പ്ലസ് ടു ഉന്നത വിജയികൾക്ക് വിജയോത്സവം എന്ന പരിപാടി സംഘടിപ്പിച്ചുകൊണ്ട് അനുമോദനം നൽകി.
മലയോരമേഖലയിലെ ഏറ്റവും കൂടുതൽ എപ്ലസ് നേടിയ വിദ്യാലയമായി ഇരിട്ടി ഹൈസ്കൂളിന് മാറാൻ കഴിഞ്ഞത് ഞങ്ങളുടെ സൗഭാഗ്യമാണ്. യുഎസ്എസ് എൻ എം എം എസ്, സംസ്കൃതം സ്കോളർഷിപ്പ്, ന്യൂ മാറ്റ്സ് പരീക്ഷകളിൽ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. USS പരീക്ഷയിൽ 13 പേർ പരീക്ഷ എഴുതിയവരിൽ 7പേർ USS വിജയികളായി. .സ്കൂളിലെ പഠന പിന്നോക്കകാരായ വിദ്യാർഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ജൂലൈ ഒന്നാം വാരം മുതൽ ആരംഭിക്കുകയുണ്ടായി . മൂന്ന് ദിവസം നീണ്ടു നിന്ന SSLC ക്യാമ്പ് വളരെ മികച്ച രീതിയിൽ നടത്താൻ സാധിച്ചു. കൂടാതെ SSLC ഫുൾ എ പ്ലസ് കുട്ടികളുടെ എണ്ണം വർധിപ്പിക്കാൻ കുട്ടികൾക്ക് മികച്ച രീതിയിൽ പരിശീലനം നൽകി. ജൂലൈ മാസത്തെ ആദ്യ ആഴ്ചയിൽ തന്നെ പിടിഎ യോഗം നടത്തി രക്ഷിതാക്കളുടെ പങ്കാളിത്തം വളരെ മികച്ചതായിരുന്നു.എല്ലാ മാസങ്ങളിലും യൂണിറ്റ് ടെസ്റ്റ് വളരെ നല്ല രീതിയിൽ നടത്താൻ സാധിച്ചു. എസ്എസ്എൽസി മോർണിംഗ് ഈവനിംഗ് ക്ലാസുകൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചു. ഈ വർഷത്തെ ഓണാഘോഷം വളരെ വിപുലമായ രീതിയിൽ നടത്താൻ സാധിച്ചു ..ഓണപ്പൂക്കളം, ഓണപ്പാട്ട്,ഓണക്കളികൾ,

വിഭവസമൃദ്ധമായ ഓണസദ്യ എന്നിവയും ഉണ്ടായിരുന്നു. വളരെ ആവേശത്തോട് കൂടിയാണ് ഈ വർഷത്തെ ഓണത്തെ കുട്ടികൾ എതിരേറ്റത്.
മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നതിനും പരിസ്ഥിതിയുമായി കഴിയേണ്ടതിന്റെ ആവശ്യകതയും കുട്ടികളിൽ എത്തിക്കാൻ പരിസ്ഥിതി ക്ലബ് കൺവീനർ ശ്രീമതി സുലജ ടീച്ചറുടെ നേതൃത്വത്തിൽ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞു വിവിധ ദിനാചരണങ്ങൾ നടത്തിക്കൊണ്ടും സ്കൂളിനെ ഒരു സമ്പൂർണ്ണ ശുചിത്വ വിദ്യാലയം ആക്കി മാറ്റുന്നതിൽ പരിസ്ഥിതി ക്ലബ് ഒരു സുപ്രധാന പങ്കു വഹിച്ചു അതുകൊണ്ട് തന്നെ നമ്മുടെ സ്കൂളിന് A ഗ്രേഡ് നേടാൻ സാധിച്ചു. കുട്ടികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കാൻ സ്കൂൾ വിദ്യാരംഗം കൺവീനർ ശ്രീമതി സരിമ ടീച്ചറുടെ നേതൃത്വത്തിൽ നടന്നു.
വിദ്യാലയത്തിന്റെ വികസനത്തിന് ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ലഭിച്ചുവരുന്നു.
2024-25 വർഷത്തെ എസ്എസ്എൽസി, പ്ലസ്ടു ഉന്നത വിജയികൾക്ക് വിജയോത്സവം എന്ന പരിപാടി സംഘടിപ്പിച്ചുകൊണ്ട് അനുമോദനം നൽകി. മലയോരമേഖലയിലെ ഏറ്റവും കൂടുതൽ എ പ്ലസ് നേടിയ വിദ്യാലയമായി ഇരിട്ടി ഹൈസ്കൂളിന് മാറാൻ കഴിഞ്ഞത് ഞങ്ങളുടെ ഈ വർഷത്തെ സൗഭാഗ്യമാണ്.
യു എസ് എസ്, എൻ എം എം എസ്, സംസ്കൃതം സ്കോളർഷിപ്പ്, ന്യൂമാറ്റ്സ് പരീക്ഷകളിൽ ഈ വിദ്യാലയത്തിലെ വിദ്യാർഥികൾ മികച്ച പ്രകടനം കാഴ്ച വെച്ചിട്ടുണ്ട്.
2024-25 അക്കാദമിക വർഷത്തിൽ സ്കൂൾ പിടിഎ സ്കൂളിന്റെ പുരോഗമനത്തിലും എല്ലാ പ്രവർത്തന കാര്യങ്ങളിലും സദാ ഇടപെട്ടു കൊണ്ടേയിരുന്നതിനാൽ സ്കൂളിന്റെ നടത്തിപ്പിന് ബുദ്ധിമുട്ടുണ്ടായില്ല. 2024 -25 വർഷത്തെ പി ടി എ ജനറൽബോഡി ചേർന്ന് ശ്രീ ആർ കെ ഷൈജു അധ്യക്ഷനായി പുതിയ പി ടി എ ഭരണസമിതിയെ തിരഞ്ഞെടുത്തു. ശ്രീമതി ആർ കെ മിനി പ്രസിഡന്റ്റായും തിരഞ്ഞെടുക്കുകയുണ്ടായി. ശ്രീ ആർ കെ ഷൈജു നേതൃത്വത്തിലുള്ള പിടിഎ ഭരണസമിതി സ്കൂളിന്റെ സർവ്വ പ്രവർത്തനങ്ങൾക്കും നേതൃത്വവും സഹായങ്ങളും നൽകിക്കൊണ്ടിരിക്കുന്നത്. സ്കൂൾ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മകൾ സ്കൂളിന് ഒട്ടേറെ സഹായസഹകരണങ്ങൾ ചെയ്തു വരുന്നു. നവംബർ 1 കേരളപ്പിറവി ദിനാചരണം ഉചിതമായ രീതിയിൽ നടന്നു. ഇരിട്ടി നഗരസഭയുടെ ആഭിമുഖത്തിൽ പഠന പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണത്തോടുകൂടി സ്പെഷ്യൽ കോച്ചിംഗ് നൽകിവരുന്നു.
വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ:
ശ്രീമതി സരിമ ടീച്ചറുടെ നേതൃത്വത്തിൽ വിദ്യാരംഗം കലാസാഹിത്യ വേദി മികച്ച രീതിയിൽ സ്കൂളിൽ പ്രവർത്തനം നടത്തുന്നു. ശ്രീമതി കെ പി അഖില ടീച്ചറുടെ നേതൃത്വത്തിൽ പരിസ്ഥിതി ക്ലബ് മികച്ച രീതിയിൽ പ്രവർത്തനം നടത്തിവരുന്നു..
ഉണ്ണികൃഷ്ണൻ മാസ്റ്ററുടെ നേതൃത്വത്തിൽ സാമൂഹ്യശാസ്ത്ര

ക്ലബ്ബ് മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നു. ദിനാചരണങ്ങൾ കൃത്യമായി നടക്കുകയും സെമിനാറുകളും ക്വിസ് മത്സരങ്ങളും സംഘടിപ്പിക്കുകയും ചെയ്യുന്നു.. ഇംഗ്ലീഷ് ഭാഷ പരിപോഷിപ്പിക്കുന്നതിനു വേണ്ടി ശ്രീമതി ആര്യ ടീച്ചറുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് ക്ലബ് വിവിധ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.
സംസ്കൃതം പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളും സംസ്കൃതം ക്ലബ്ബിൽ അംഗങ്ങളാണ്. ശ്രീ രാഹുൽ മാസ്റ്റർ, ശ്രിജേഷ് മാസ്റ്റർ എന്നിവ നേതൃത്വം നൽകുന്ന സംസ്കൃതം ക്ലബ് കുട്ടികൾക്ക് മികച്ച പ്രകടനം കാഴ്ചവെക്കാൻ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്.സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ അദ്വൈത് കെ അർഹത നേടി. ഫെബ്രുവരി 15ന് ഏകദിന ശിൽപ്പശാല നടത്തി.
ശ്രീജിത്ത് മാസ്റ്റർ കൺവീനറായി സയൻസ് ക്ലബ് പ്രവർത്തനങ്ങൾ കുട്ടികളിൽ ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് മുന്നോട്ടുപോകുന്നു.ശ്രീമതി ഷിമി ടീച്ചറുടെ നേതൃത്വത്തിൽ സ്കൂളിൽ ഹെൽത്ത് ക്ലബ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ഹരീഷ് മാസ്റ്ററുടെ നേതൃത്വത്തിൽ ഗണിത ക്ലബ് മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു ജില്ലാതലത്തിൽ നടന്ന ഭാസ്കരാചാര്യ സെമിനാറിൽ നജ ഫാത്തിമക്കും രാമാനുജൻ സെമിനാറിൽ അനുശ്രീക്കും മികച്ച ഗ്രേഡ് കരസ്ഥമാകാൻ സാധിച്ചു. കൗമാര ക്ലബ് കൺവീനർ സിജി ടീച്ചറുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി നടത്താൻ സാധിച്ചു.സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർ ശ്രീ ശ്രീജേഷ് മാഷിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ ലഹരി വിരുദ്ധ ക്യാമ്പസ് ആക്കി മാറ്റാൻ സാധിച്ചു. ശ്രീമതി അപർണ ടീച്ചറുടെ നേതൃത്വത്തിൽ ഉറുദു ക്ലബ്ബ് വളരെ മികച്ച രീതിയിൽ മുന്നോട്ടുപോകുന്നു. ഈ വർഷം തിരുവനന്തപുരത്ത് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ  ഉറുദു പ്രസംഗത്തിൽ ഉജുമനാസ് എ ഗ്രേഡ്ഓടെ ഒന്നാംസ്ഥാനത്തെത്തി. കുട്ടികളുടെ കലാപരമായ കഴിവുകൾ പുറത്തെടുത്ത് കലാ അധ്യാപകനായ ശ്രീ രമേശൻ മാസ്റ്റർ ജൈത്രയാത്ര നടത്തിക്കൊണ്ടിരിക്കുന്നു. അറബിക് സാഹിത്യ ക്ലബ്ബ് ശ്രീ ഇബ്രാഹിം മാസ്റ്ററുടെ നേതൃത്വത്തിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. അൽ മഹിർ സ്കോളർഷിപ്പ്, അല്ലാമ ഇഖ്ബാൽ ടാലന്റ് സെർച്ച് പരീക്ഷ എന്നിവയിൽ ഈ വിദ്യാലയത്തിലെ കുട്ടികൾ മികച്ച വിജയം കൈവരിച്ചിട്ടുണ്ട്. ശ്രീമതി ശ്രീകല ടീച്ചറുടെ നേതൃത്വത്തിൽ ഹിന്ദി മഞ്ച് രൂപീകരിക്കുകയും ദിനാചരണങ്ങൾ കൊണ്ടാടുകയും ചെയ്യുന്നുണ്ട്. നാഷണൽ അച്ചീവ് മെന്റ് സർവ്വേയുടെ ഭാഗമായുള്ള സ്റ്റേറ്റ് അച്ചീവ് മെന്റ് ടെസ്റ്റ് പരീക്ഷകൾ മറ്റ് അധ്യാപകരുടെയും കുട്ടികളുടെയും സഹകരണത്തോടെ എസ് ആർ ജി കൺവീനറായ ഷെറീന ടീച്ചർ മികച്ച രീതിയിൽ നടത്തി.
3500 ഓളം പുസ്തകങ്ങളുള്ള ഒരു മികച്ച ലൈബ്രറിയാണ് നമുക്കുള്ളത്.ശ്രീ രഞ്ജിത്ത് മാസ്റ്ററിന്റെ നേതൃത്വത്തിൽ ഈ വർഷം സ്കൂൾ ലൈബ്രറി ശാക്തീകരിക്കുകയും കുട്ടികൾക്ക് ആഴ്ചയിൽ ഒരു പുസ്തകം വീതം വായിക്കാൻ നൽകുകയും ചെയ്യുന്നുണ്ട്.ശ്രീ സുധീഷ് മാഷിന്റെയും ശ്രീമതി അഖില ടീച്ചറിന്റെയും നേതൃത്വത്തിൽ 88 spc കുട്ടികൾ സ്കൂളിൽ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. ശ്രീമതി റംല ടീച്ചറിന്റെയും സരിമ ടീച്ചറിന്റെയും നേതൃത്വത്തിൽ ജൂനിയർ റെഡ് ക്രോസ്സ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. 90 കുട്ടികൾ അടക്കുന്ന ജെ.ർ.സി യൂണിറ്റ് സ്കൂളിലെ ആരോഗ്യ കാര്യങ്ങളിലും സേവന കാര്യങ്ങളിലും എന്നും മുൻപന്തിയിൽ നിൽക്കുന്നുണ്ട്. ശ്രീ ശ്രീജിത്ത് മാഷിന്റെ നേതൃത്വത്തിൽ 95 പേരുള്ള NCC യൂണിറ്റ് സ്കൂളിൽ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു.
ഹൈസ്കൂൾ വിഭാഗം സ്കൗട്ട് ആൻഡ് ഗൈഡ് വിഭാഗത്തിൽ ആയി ഒരു യൂണിറ്റ് ഗൈഡ്സും ഒരു യൂണിറ്റ് സ്കൗട്ടുമായി 58 കുട്ടികൾ പ്രവർത്തിച്ചുവരുന്നു. ഗൈഡ് വിഭാഗത്തിൽ ശ്രീമതി അപർണ ടീച്ചർ സ്കൗട്ട് വിഭാഗത്തിൽ ശ്രീ ഹരിഷ് മാസ്റ്ററും നേതൃത്വം നൽകിവരുന്നു. എസ്പിസിയിൽ 88 പേരിൽ 5 പേർ ജില്ലാ ക്യാമ്പിൽപങ്കെടുത്തു.സൂപ്പർ സീനിയർ വിഭാഗത്തിലെ 44  കുട്ടികളും പാസിംഗ് ഔട്ട് പരേഡ് വിജയകരമായി പാസാവുകയും എസ്എസ്എൽസി പരീക്ഷയിൽ ഗ്രേസ് മാർക്കിന് അർഹരാവുകയും ചെയ്തു. 12 ഗൈഡ്സും 4 സ്കൗട്ട്സും സ്റ്റേറ്റ് ലെവൽ രാജ്യപുരസ്കാർ അവാർഡ് നേടി. അതേപോലെതന്നെ 14സ്കൗട്ടും 7 ഗൈഡ്സും സബ്ജില്ലാതല ദ്വിതീയ സോപാൻ ടെസ്റ്റ് എഴുതി വിജയം കൈവരിച്ചു. ശ്രീമതിസനില ടീച്ചറിന്റെയും ശ്രീമതി സിജി ടീച്ചറിന്റെയും നേതൃത്വത്തിൽ 88 പേരടങ്ങുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വിവിധ പ്രവർത്തനങ്ങൾ വഴി ഐ ടി പരിജ്ഞാനം ഊട്ടിയുറപ്പിക്കുന്നുണ്ട്.സ്കൂളിലെ

അക്കാദമിക കാര്യങ്ങളുടെ മികച്ച പ്രവർത്തനത്തിനായി ശ്രീമതി ഷെറീന ടീച്ചർ കൺവീനറായി SRG നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. അക്കാദമിക് മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ച പ്രകാരം പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്താനും അവരെ മുന്നോട്ടുകൊണ്ടുവരാനുമുള്ള ഭാഗമായി പ്രോജക്ടിനു വേണ്ടി ഏഴാം ക്ലാസിലെ കുട്ടികളെ തിരഞ്ഞെടുക്കുകയും അവർക്കുവേണ്ടിയുള്ള പ്രത്യേക പഠന പ്രവർത്തനങ്ങൾ തയ്യാറാക്കി നൽകി.സ്കൂൾ SITC ആയി ശ്രീമതി റംല ടീച്ചറും joint SITC ആയി ശ്രീ രമേശൻ മാഷും സ്കൂളിലെ IT വിഭാഗം നല്ല രീതിയിൽ കൈകാര്യം ചെയ്തു വരുന്നു. ശ്രീമതി ഷീല ടീച്ചറും ശ്രീ മനീഷ് മാഷും കൺവീനർമാരായി ഉച്ച ഭക്ഷണ കമ്മിറ്റി കുട്ടികൾക്ക് മികച്ച രീതിയിൽ ഭക്ഷണം എത്തിക്കാൻ പരിശ്രമിക്കുന്നുണ്ട്.
ശ്രീമതി അഖില ടീച്ചർ, ശ്രീമതി ആര്യ ടീച്ചർ എന്നിവർ നേതൃത്വം നൽകുന്ന സ്കൂൾ ബസ് കമ്മിറ്റി കുട്ടികളുടെ യാത്ര ക്ലേശങ്ങൾ പരിഹരിക്കാൻ എന്നും കൂടെയുണ്ട്..
പ്രതിസന്ധികളിൽ നിന്നാണ് പുതിയ സാധ്യതകൾ ഉടലെടുക്കുക. അധ്യാപകനും വിദ്യാർത്ഥിയും ഹൃദയം കൊണ്ട് അടുത്ത് വരുമ്പോൾ അവിടെ വിദ്യാഭ്യാസം എന്ന പ്രകാശം ഉണ്ടാകുന്നു. ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാണ്. ഇരിട്ടി ഹയർ സെക്കൻഡറി സ്കൂളിനെ അത്തരമൊരു കേന്ദ്രമാക്കി മാറ്റാൻ ഇവിടുത്തെ അധ്യാപകരും അനധ്യാപകരും പിടിഎ യും ഒരുമിച്ച് പരിശ്രമിച്ചു കൊണ്ടേയിരിക്കുന്നു. ഭൗതിക അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെട്ട് ആറര പതിറ്റാണ്ട് പൂർത്തിയാക്കി വിദ്യാലയം ഇന്നിന്റെ പ്രൗഢിയിൽ എത്തി നിൽക്കുമ്പോൾ വിദ്യാലയത്തിനു വേണ്ടി പ്രയത്നിച്ച, പ്രചോദനമേകിയ, ഒപ്പം നിന്ന ഒരുപാട് സുമനസുകളുണ്ട് എന്ന് പറയാതെ വയ്യ.ഈയൊരു കൂട്ടായ്മ തന്നെയാണ് ഞങ്ങളുടെ ബലവും.
നിലവിലുള്ള അധ്യാപകർ നിരവധി വർഷങ്ങളായി ഇവിടെ തുടരുന്നവരാണ്. അധ്യാപകർക്ക് നൽകിവരുന്ന പരിശീലന പരിപാടിയിൽ മുഴുവൻ അധ്യാപകരും പങ്കെടുക്കുന്നുണ്ട്, കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി പരിശീലന വേളയിൽ നേടിയ അനുഭവങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്.ക്ലാസ് മുറിയിൽ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പഠനപ്രവർത്തനങ്ങളും ക്രിയകളിലും മാറ്റങ്ങൾ ഉണ്ടാക്കി കൊണ്ട് മുന്നോട്ടു പോകാൻ കഴിയുന്നുണ്ട്.ഓരോ അധ്യാപകർക്കുമുള്ള സവിശേഷ കഴിവുകൾ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പകർന്നു കൊടുക്കാൻ ശ്രമിക്കുന്നുണ്ട്.സ്കൂൾ തലത്തിൽ വിവിധ മേളകൾ നടത്തുന്നതിനാവശ്യമായ ആസൂത്രണങ്ങൾ വേണ്ടരീതിയിൽ നടത്തുന്നുണ്ട്. അവരവരുടെ കഴിവുകൾ അനുസരിച്ച് ചുമതല വിഭജിച്ചു നൽകിയാണ് സ്കൂൾതല മേളകൾ സംഘടിപ്പിക്കുന്നത്. വിവിധ മേളകളിലും മറ്റു മത്സരങ്ങളിലും സബ്ജില്ലാ ജില്ലാ സംസ്ഥാന തലം വരെ നമ്മുടെ കുട്ടികളെ പങ്കെടുപ്പിക്കാൻ സാധിച്ചു.കുട്ടികളുടെ രക്ഷിതാക്കളുമായി ആഴത്തിലുള്ള ബന്ധം പുലർത്തുന്നതിനും ക്ലാസ് പിടിഎ കളിൽ നടക്കുന്ന സജീവമായ തുറന്ന ചർച്ചകളിലും അക്കാദമിക പ്രവർത്തനങ്ങൾക്ക് സഹായമാകുന്ന ചർച്ചകൾ നടത്താറുണ്ട്. വിമർശനങ്ങളെ പോസിറ്റീവ് ആയി എടുത്തുകൊണ്ട് വരും കാല പ്രവർത്തനങ്ങൾ മാറ്റങ്ങൾ വരുത്താനും നമുക്ക് സാധിക്കുന്നു.

## പ്രശ്നങ്ങൾ

അക്കാദമിക പരമായ കാര്യങ്ങൾ ത്വരിതഗതിയിൽ നടക്കുമ്പോഴും ഭൗതികമായ പരിമിതികൾ ഞങ്ങൾക്ക് വിഘാതമായി നിൽക്കുന്നത് ഏറെ നിരാശ ജനിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. കുന്നിൻ പ്രദേശമായതിനാൽ ജലത്തിന്റെ ലഭ്യത ഒരു പ്രശ്നം തന്നെയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി എല്ലാ കുട്ടികളും മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലെക്കുയർന്നുവന്നില്ല എന്നത് പരിമിതിയാണ്. മാനേജ്മെന്റ് വന്നതോടുകൂടി ഇതിനെല്ലാം പരിഹാരം കാണുമെന്ന് കരുതുന്നു. ഫിസിക്സ് ലാബ് ഉണ്ടെങ്കിലും ഫിസിക്സിനും കെമിസ്ട്രിക്കും ബയോളജിക്കും പ്രത്യേകമായി ഇല്ല എന്നതും പരിമിതമാണ്. പ്രവർത്തിച്ചു പഠിക്കുക, അന്വേഷണാത്മകതയും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവയിൽ പൂർണമായ അർത്ഥത്തിൽ സ്വായർ ത്തമാക്കാൻ പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേണ്ടതുണ്ട്. ലാബിൽ കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐടി പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.ഇതിനായി മാനേജ്മെന്റ് മുന്നിട്ടിറങ്ങി വേണ്ട സൗകര്യങ്ങൾ ചെയ്തു തരാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്.

### വിദ്യാലയം:പൊതു വിശകലനം

വിദ്യാലയത്തിലെ കുട്ടികളുടെ സാമ്പത്തിക-സാമൂഹികാവസ്ഥ, സാംസ്കാരിക പശ്ചാത്തലം ഇവ വിശകലനം ചെയ്യുമ്പോൾ ഓരോ കുട്ടിയും തീർത്തും വ്യത്യസ്തരാണ്.
മുൻകാലങ്ങളിൽ സാമ്പത്തികമായി ഏതാണ്ട് ഒരേ നിലയിലായിരുന്നു പൊതുസമൂഹത്തിൽ ഇന്ന് സാമ്പത്തികാന്തരം കൂടുതലായി കാണുന്നു.കുട്ടികളുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി കുട്ടികളെ പൂർണമായും തിരിച്ചറിയാൻ നമുക്ക് കഴിയേണ്ടതുണ്ട്. പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി ഗൃഹസന്ദർശനം നടത്തി വേണ്ട നടപടികൾ കൈക്കൊണ്ട് അങ്ങനെയുള്ള കുട്ടികളുടെ സഹായിക്കുന്നതിനായി പി ടി എ യുടെ സഹകരണത്തോടെ സുമനസ്കരായ സ്പോൺസർമാരെ സമീപിക്കാവുന്നതാണ്.
പഠന പിന്നോക്കക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പാക്കേജുകൾ തയ്യാറാക്കാവുന്നതാണ്..
കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസൃതമായി ഗുരു ശിഷ്യാ ബന്ധം മെച്ചപ്പെടുത്താനുള്ള സംവിധാനങ്ങൾ സ്വീകരിച്ചു വരുന്നു.

### നിലവിലെ നേട്ടങ്ങൾ :

* വിവിധ മേളകളിൽ സംസ്ഥാന തലത്തിൽ വരെ മികച്ച പ്രകടനം കാഴ്ച വച്ചിട്ടുണ്ട്.
* എസ്എസ്എൽസി പരീക്ഷയിൽ തുടർച്ചയായി എട്ടാം തവണയും 100% വിജയം നേടാനും മലയോര മേഖലയിൽ ഏറ്റവും കൂടുതൽ എപ്ലസ് കരസ്ഥമാക്കിയ വിദ്യാലയമായി മാറാനും ഈ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്
* പച്ചക്കറി കൃഷി, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ സജീവമായി നടക്കുന്നു.
* യുഎസ്എസ്, എൻ എം എം എസ്, സംസ്കൃതം സ്കോളർഷിപ്പ് തുടങ്ങിയ മത്സരപരീക്ഷകൾക്ക് ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ മികച്ച വിജയം നേടുന്നുണ്ട്. യുഎസ്എസ് പരീക്ഷയിൽ സാനിക എം, ശിവ സൂര്യ കെ, ആത്മേഷ് ഇ, യാദവ് എസ് അജി,വേദകൃഷ്ണൻ കെ കെ,ഫാത്തിമ സിയ സൈനബ എം, മുഹമ്മദ് ബിലാൽ ടിപി എന്നിവർ അർഹത നേടി.
* ഇരിട്ടി സബ്ജില്ലാ കലോത്സവത്തിൽ ചെറിയ പോയിന്റ് വ്യത്യാസത്തിൽ ഇരിട്ടി ഹയർ സെക്കൻഡറി സ്കൂൾ മികച്ച വിജയം കരസ്ഥമാക്കുകയുണ്ടായി. കൂടാതെ ഉപജില്ല കായികമേള, ശാസ്ത്രമേള എന്നിവയിൽ നമ്മുടെ കുട്ടികൾ മികച്ച വിജയം നേടി. ഉപജില്ലാ സംസ്കൃതോത്സവത്തിൽ രണ്ടാം സ്ഥാനവും അറബിക്കലോത്സവത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കുകയുണ്ടായി.
* ഉപജില്ലാ ശാസ്ത്ര ശാസ്ത്രമേളയിൽ മാത്തമാറ്റിക്സ് ടീച്ചിംഗ് എയ്ഡ് മത്സരത്തിൽ എച്ച് എസ് വിഭാഗം ശ്രീമതി ഷീബ എൻ വി ഫസ്റ്റ് എ ഗ്രേഡ്, യു പി വിഭാഗത്തിൽ ശ്രീ ഹരീഷ് മാസ്റ്റർ ഫസ്റ്റ് എ ഗ്രേഡ്, സയൻസ് വിഭാഗത്തിൽ ശ്രീമതി സിജിമോൾ കെ സി സെക്കൻഡ് എ ഗ്രേഡ്, സാമൂഹ്യശാസ്ത്ര വിഭാഗത്തിൽ ശ്രീ ഉണ്ണികൃഷ്ണൻ മാസ്റ്റർ ഫസ്റ്റ് ഗ്രേഡ് എന്നിവർ അർഹത നേടി.
* കുട്ടികൾക്ക് വിനോദം, വിജ്ഞാനം നൽകി കൂർഗ്, ഊട്ടി, ബാംഗ്ലൂർ വിനോദയാത്ര സംഘടിപ്പിക്കുകയുണ്ടായി.
* നഗരസഭയുടെ ആഭിമുഖ്യത്തിൽ പഠന പിന്നോക്കം നിൽക്കുന് വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് നടന്നു വരുന്നു..
* ലിറ്റിൽ കൈറ്റ്സുമായി ബന്ധപ്പെട്ട് LUMINE എന്ന പേരിൽ മാഗസിൻ തയാറാകുകയും, റോബോട്ടിക് ഫെസ്റ്റ് കുട്ടികളുടെയും അധ്യാപകരുടെയും സഹകരണത്തോടെ ലിറ്റിൽ കൈറ്റ്സ് കൺവീനർ ശ്രീമതി ടീച്ചറുടെയും സിജി ടീച്ചറുടെയും നേതൃത്വത്തിൽ വളരെ ഭംഗിയായി നടത്തി.
* കുട്ടികൾക്ക് വായനക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായ്തന്നെ ഒരുക്കിയിട്ടുണ്ട്.
* കുട്ടികളുടെ നിലവാര ത്തിനനുസരിച്ചു ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർധിപ്പിക്കുന്നത് വിജയ തിളക്കത്തിലേക്കു നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതാകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു.
* NCC, SPC, SCOUT AND GUIDE, JRC, LITTLE KITES, ECO CLUB തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനക ളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർധിപ്പിക്കാൻ കഴിയുന്നു.
* ഹയർസെക്കന്ററിയിൽ കഴിഞ്ഞ വർഷങ്ങളിൽ മികച്ച വിജയം നേടാൻ സാധിച്ചു.


വിജയാവേശത്തിൽ
ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ 2024-25
മികവോടെ... കരുത്തോടെ..
കൈകോർത്ത്
10
9 A+
38
FULL A+
8ാം തവണയും
100%
SSLC FULL A+ HOLDERS
ദേവ ശ്രീജിത്ത്
ദേവിക പ്രദീപ് പി
മിഥുന മനോജ്
നിഹ എം പി
നിവേദിത ജയൻ
ശിഖ അജയ്
തീർത്ഥ എൻ
ദേവനന്ദ വി
ദിയ മരിയ ഷാജി
ഫാത്തിമത്തുൽ സിതാര
ഫാത്തിമത്തുൻ നൂറ എം കെ
മുഹമ്മദ് ആഷിക് പി
ആദിലക്ഷ്മി അജോറ
സഫ ഫാത്തിമ സി പി
സന ഫാത്തിമ കെ
ശിവഗംഗ ടി
അക്ഷര എ എം
ആൻട്രീസ വിനോയ്
ആര്യശ്രീ അനിൽകുമാർ
ഡെല്ല മരിയ ജോസഫ്
മാളവിക എം
ശ്രീലക്ഷ്മി പി വി
ആര്യദേവ് എം
ആദിത്യൻ എൻ പി
ദിയ ലക്ഷ്മി വി
ശ്രീഹരി എൻ പ്രകാശ്
ദേവനന്ദ കെ വി
അഭിരാം കെ
ദേവാഞ്ജ സുധീഷ്
ആദർശ് കെ
ആദേശ് പ്രദീപൻ
സാരംഗ് രാജ് കെ
ദേവനന്ദ കെ
അനുഗ്രഹ കെ
അഞ്ജന മോൾ കെ വി
സന പി
അഭിനന്ദ എം എസ്
അനശ്വര കെ
SSLC 9 A+ HOLDERS
ആരിൻ എടേഴത്ത്
ജ്യോതിഷ് രാജ് ഒ
സൂര്യ കിരൺ കെ
നവ ഫാത്തിമ എൻ
അഷിക ദിനേശൻ
പ്രണവ് കൃഷ്ണൻ എം
ശിവനന്ദ പി
പി അപർണ
നിവീത് പ്രകാശ് സി
റിദ ഷെറിൻ
വിജയികൾക്ക് അഭിനന്ദനങ്ങൾ
സ്റ്റാഫ്, പി.ടി.എ & മാനേജ്മെന്റ്


യു എസ് എസ് പരീക്ഷയിൽ
മികച്ച വിജയം നേടിയ...
ഇരിട്ടി ഹയർ സെക്കണ്ടറി
സ്കൂളിന്റെ
അഭിമാന താരങ്ങൾ
MCLAREN
സാനിക എം
ശിവസൂര്യ കെ
ആത്മേഷ് ഇ ആർ
യാദവ് എസ് അജയ്
മുഹമ്മദ് ബിലാൽ ടി പി
ഫാത്തിമ സിയ സൈനബ് എം
വേദകൃഷ്ണൻ കെ കെ
അഭിനന്ദനങ്ങളോടെ....
മാനേജ്മെന്റ്, പിടിഎ & സ്റ്റാഫ്




ലഹരി വിരുദ്ധ പ്രതിജ്ഞ
IRITTY HSS


IRITTY HIGHER SECONDARY SCH

IRITTY HIGHER SECONDARY S



IRITTY HIGHER SECONDARY


Y HIGHER SECONDARY SCHOOL




JRC IRITTY HSS



ലഹരിക്കെതിരെ
JRC
ഇരിട്ടി HSS

JRC C LEVEL CAMP

IRITTY HIGHER SECONDARY SCHOOL


KARGIL
JULY 26
KARGIL VIJAY DIWAS


ഇന്ത്യൻ റെഡ് ക്രോസ്സ് സൊസൈറ്റി
കണ്ണൂർ
അഭിനന്ദനങ്ങൾ
കണ്ണൂർ ജില്ലയിലെ മികച്ച ജൂനിയർ റെഡ്ക്രോസ് കേഡറ്റിനുള്ള
റെഡ്ക്രോസ് അവാർഡ് 2024-25
ജേതാവായ
കുമാരി. അവന്തിക. ടി
ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ


ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ
സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി ഇന്ന് (മെയ് 2) ഇരിട്ടി മുനിസിപ്പാലിറ്റിയിൽ വച്ച് നടന്ന നഗരസഭ തല ക്വിസ് മത്സരത്തിൽ
ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂളിലെ
അദ്വൈത് കെ
(9.A)
ദേവിക എം
(9.E)
എന്നിവരടങ്ങുന്ന ടീം
ഒന്നാം സ്ഥാനത്തോടെ
ജില്ലാതലത്തിലേക്ക്...




SPC IRITTY
KNR 973
SPC സംസ്ഥാന ക്യാമ്പിലേക്ക്
തിരഞ്ഞെടുക്കപ്പെട്ട
ത്രിതിയ പ്രമോദ്
ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ
അഭിനന്ദനങ്ങൾ


ഇരിട്ടി ഹയർസെക്കണ്ടറി സ്കൂൾ
കണ്ണൂർ റവന്യൂ ജില്ലാ
കേരളാസ്കൂൾ
കലോത്സവം
അറബിക് കഥാരചന
HS വിഭാഗം
A grade
സനഫാത്തിമ
10B
അഭിനന്ദനങ്ങൾ
Management, STAFF & PTA


ഇരിട്ടി ഹയർസെക്കണ്ടറി സ്കൂൾ
കണ്ണൂർ റവന്യൂ ജില്ലാ
കേരളാസ്കൂൾ
കലോത്സവം
ലളിതഗാനം
HS വിഭാഗം
A grade
ശ്രീനന്ദ. പി. എച്ച്
9A
അഭിനന്ദനങ്ങൾ
Management, STAFF & PTA


ഇരിട്ടി ഹയർസെക്കണ്ടറി സ്കൂൾ
കണ്ണൂർ റവന്യൂ ജില്ലാ
കേരളാസ്കൂൾ
കലോത്സവം
ഉറുദു പ്രസംഗം
HS വിഭാഗം
1st
A grade
ഉജുമനാസ്
9C
അഭിനന്ദനങ്ങൾ
Management, STAFF & PTA


ഇരിട്ടി ഹയർസെക്കണ്ടറി സ്കൂൾ
കണ്ണൂർ റവന്യൂ ജില്ലാ
കേരളാസ്കൂൾ
കലോത്സവം
സംസ്കൃതം ചമ്പൂ പ്രഭാഷണം
HS വിഭാഗം
A grade
ദേവ ശ്രീജിത്ത്
10A
അഭിനന്ദനങ്ങൾ
Management, STAFF & PTA










ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ
മലയാള വിഷയ സമിതി
നാട്ടറിവ് ദിനം
ഓഗസ്റ്റ് 22
ഉദ്ഘാടനം
അവന്തിക. പി എസ്


ഇരിട്ടി സബ്ജില്ലാ സീനിയർ ഫുട്ബോൾ ടൂർണമെന്റ്
CHAMPIONS
IRITTY HSS




COSMOS


ഇരിട്ടി ഹയർസെക്കണ്ടറി സ്കൂൾ
കണ്ണൂർ റവന്യൂ ജില്ലാ
കേരളാസ്കൂൾ
കലോത്സവം
HS വിഭാഗം
1st
A grade
9C
അഭിനന്ദനങ്ങൾ
Management, STAFF & PTA




അഭിമാനമായ്
കുരുന്നു പ്രതിഭകൾ
LITTLE KITES
പ്രോഗ്രാമിങ്ങിൽ മിന്നും പ്രകടനം
കാഴ്ച്ച വച്ച്
കുരുന്നുകൾ
സബ്ജില്ലാ ക്യാമ്പിലേക്ക്
ആയിഷ മർവ. ആർ
9F
9D
അനന്യ പ്രസാദ്
9E
ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ
Congrats
Management, Staff & PTA


ചരിത്രമെഴുതി
ഇരിട്ടി ഹയർ സെക്കന്ററി സ്കൂൾ
ഇരിട്ടി ഉപജില്ലാ സാമൂഹ്യശാസ്ത്ര മേള
WORKING MODEL (HS)
1ST GRADE
Aadilakshmi Alora
Vaigananda V
അഭിനന്ദനങ്ങൾ...
Management, Pta & Staff


IRITTY HIGHER SECONDARY SCHOOL
സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി മെയ് 5 ന് ഇരിട്ടി മുനിസിപ്പാലിറ്റിയിൽ വച്ച് നടന്ന നഗരസഭ തല ചിത്രരചന മത്സരത്തിൽ
ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂളിലെ
SHASNI P V
(9 C)
ഒന്നാം സ്ഥാനത്തോടെ ജില്ലാതലത്തിലേക്ക്
Congratulations


കണ്ണൂർ റവന്യൂജില്ലാ
കേരള സ്കൂൾ
കലോത്സവം
RITHULDEV P P
ഭരതനാട്യം ബോയ്സ്
(എച്ച് എസ്)
തേർഡ് എ ഗ്രേഡ്
അഭിനന്ദനങ്ങൾ
സ്റ്റാഫ്, പി.ടി.എ & മാനേജ്മെന്റ്


ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ
യൂ പി വിഭാഗം
STILL MODEL-UP(SOCIAL SCIENCE)
B Grade
NIVEDYA SUMESH
NEHA FATHIMA
CONGRATULATIONS


ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ
യൂ പി വിഭാഗം
WORKING MODEL (SOCIAL SCIENCE)
A Grade
SANIKA
SHIKHA
CONGRATULATIONS


IRITTY HIGHER SECONDARY SCHOOL
ELOCUTION UP (SOCIAL SCIENCE)
A GRADE
ARADHYA HARIDAS
CONGRATULATIONS


ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ
കേരളാ സ്കൂൾ ശാസ്ത്രോൽസവം
Maths Puzzle
HS SECTION
Anusree. M. Ajayan
3'rd
A grade
STD :8A
Congratulations
Manager, Headmaster, PTA, STAFF


ഇരിട്ടി
ഇമ്മിണി ബല്ല്യദിനം
ITTY HIGHER SECONDARY SCHOOL


ജൂലൈ 5
ബഷീർ ഓർമ്മദിനം
ഇമ്മിണി ബല്യദിനം
കഥാപാത്രാവിഷ്കാരം
മലയാള വിഷയസമിതി
ഇരിട്ടി എച്ച്.എസ്.എസ്


ഇരിട്ടി
ഹയർ സെക്കന്ററി സ്കൂൾ
2024-25 അധ്യയന വർഷത്തെ
ലൈബ്രറി
പുസ്തക വിതരണോദ്ഘാടനം


GHER SECONDARY SCHOOL


ശ്രുതിലയം
പ്രത്യേക
സംഗീത പരിശീലന പരിപാടി
IRITTY HIGHER SECONDARY SCHOOL







6 മുതൽ 12 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക, ഒപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാൻ ആവശ്യമായ മൂല്യബോധം സൃഷ്ടിക്കപ്പെടണം.
സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തണം.
കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന,ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കണം.
എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തണം.
എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ കൈകാര്യം ചെയ്യാനുള്ള ശേഷി സ്വായത്തമാക്കണം.
എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകണം.
സ്വന്തം കഴിവുകൾ കണ്ടെത്തി ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കണം
മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കണം
മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാൻ ആവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കണം
മാറുന്ന കാലഘട്ടത്തിൽ ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തെ കുറിച്ചും തുല്യതയെ കുറിച്ചും ലിംഗസമത്വ കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്ക് ഉണ്ടാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തണം
വിവിധ ദിനാചരണങ്ങൾ കൊണ്ടാടുക വഴി കുട്ടികളിൽ സാമൂഹ്യബോധം വളരണം
ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട ഭാഷാപരമായ കഴിവുകൾ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം
അധ്യാപകർ ആശയങ്ങൾ അവതരിപ്പിക്കുന്നതിന് പ്രാദേശിക പരിചിതവും രസകരമായ പ്രശ്നങ്ങളും അനുഭവങ്ങളും ഉപയോഗിക്കാൻ സാഹചര്യം ഒരുക്കണം
ലൈബ്രറി, ലബോറട്ടറി ശക്തിപ്പെടുത്തണം

വിദ്യാർത്ഥികൾക്ക് പരിസര സംരക്ഷണ ബോധം പ്രധാനം ചെയ്യാനുള്ള സാഹചര്യങ്ങൾ വിദ്യാലയത്തിൽ ഒരുക്കണം
വിദ്യാലയ പരിസരം ഹരിതാഭമാക്കണം
ജല സംരക്ഷണ ബോധം വളരണം
പ്രകൃതി സൗഹൃദപരമായ ഒരു ജീവിതശൈലി കുട്ടികൾക്ക് പരിചയപ്പെടുത്തണം
മണ്ണും മനുഷ്യനും തമ്മിലുള്ള ആഴത്തിലുള്ള ബന്ധം തിരിച്ചറിയണം
ക്ലാസ്സ് പി ടി എ മാതൃകാപരമാക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കണം.
ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ,, പൂർവാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തണം.
കൗമാരകരായ വിദ്യാർഥികൾക്കു അവരുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള അവസരം സൃഷ്ടിക്കണം.
വിദ്യാലയം സമ്പൂർണ ലഹരി വിമുക്ത ക്യാമ്പസ് ആക്കി മാറ്റണം
കുട്ടികളിൽ പൊതു വിജ്ഞാനം വർധിപ്പിക്കാൻ ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാകും.
പ്ലാസ്റ്റിക് പ്രകൃതിക്കും ജീവജാലങ്ങൾക്കും ഭീഷണി ആണെന്നുള്ള ചിന്ത വളർത്തണം

സ്കൂൾ ലൈബ്രറി മാതൃകാപരമായി ക്രമീകരിക്കണം
ഗണിതക്രിയകളിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കണം
സംഖ്യകളെ കുറിച്ച് വ്യക്തമായ ധാരണ വിദ്യാർത്ഥികളിൽ ഉറപ്പിക്കണം
ജ്യോമെട്രിക് ഉപകരണങ്ങൾ പ്രായോഗിക സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള ശേഷി കൈവരിക്കണം
ജ്യാമിതീയ രൂപങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാവുകയും അവ പ്രായോഗിക സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യണം
ശാരീരിക ക്ഷമത ഉയർത്താൻ ദിവസവും വ്യായാമം ശീലമാക്കാൻ ഫിസിക്കൽ എജുക്കേഷൻ ക്ലാസുകൾ വഴി നിർദേശിക്കണം
ഭിന്നശേഷിയുള്ള വിദ്യാർഥികളെ കായിക പരിശീലനത്തിന് വിദ്യാലയത്തിൽ അടുപ്പിക്കുകയും പഠനത്തിൽ താൽപര്യം ഉണ്ടാക്കുകയും ചെയ്യണം

കുട്ടിയുടെ ശാസ്ത്രബോധം വളർന്നു വികസിക്കുകയും അത് നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു എന്ന് ഉറപ്പുവരുത്തണം
പ്രശ്നങ്ങളെ പുതിയ രീതിയിൽ വീക്ഷിക്കാനും അവയുടെ പരിഹാരത്തിന് പുതിയ മാർഗങ്ങൾ കണ്ടെത്താനുള്ള ചിന്താശേഷി വികസിപ്പിക്കാനും ശാസ്ത്ര സാക്ഷരത വഴി കഴിയണം
പൗരബോധം സൃഷ്ടിക്കാനും സ്വസ്ഥത വികസനം എന്ന കാഴ്ചപ്പാട് ഊട്ടിയുറപ്പിക്കാനും നീതിന്യായ സംവിധാനത്തെ കുറിച്ച് ബോധം ഉണ്ടാക്കാനും കുട്ടികളിൽ സോഷ്യൽ സയൻസ് പഠനം പ്രയോജനപ്പെടുത്തണം.
ലാബ് ശാക്തീകരണം
കമ്പ്യൂട്ടർ ലാബ് വികസനം
ക്ലബ്ബ് പ്രവർത്തനങ്ങൾ
ദിനാചാരണങ്ങൾ
കായിക പഠനം
വായന പരിപോഷണം
പഠനയാത്രകൾ
കുടിവെള്ള വിതരണം
പോഷകാഹാര പരിപാടി
ശില്പ ശാലകൾ
ക്ലാസ്സ് ലൈബ്രറി
ദിനാചരണങ്ങൾ, ആഘോഷങ്ങൾ, ചരിത്രാന്വേഷണം, പ്രാദേശിക വിഭവഭൂപടം രൂപീകരിക്കൽ എന്നിവയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കണം
ലഹരി വിമുക്ത ക്യാമ്പസ്
ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ
പ്ലാസ്റ്റിക് രഹിത, മാലിന്യമുക്ത ക്യാമ്പസ്
വ്യക്തി -പരിസര ശുചിത്വ പ്രവർത്തനങ്ങൾ
സേവന പ്രവർത്തനങ്ങൾ
ടാലെന്റ് ലാബ്
സർഗ്ഗ ചുമരുകൾ
സ്ത്രീശാക്തീകരണം - സ്ത്രീസുരക്ഷക്കുള്ള പദ്ധതികൾ
അധ്യാപക ശാക്തീകരണം
എൻ സി സി, എസ് പി സി,ജെ ആർ സി, സ്കൗട്ട് & ഗൈഡ് തുടങ്ങിയവയുടെ പ്രവർത്തനം

# മാസ്റ്റർപ്ലാൻ :വിഷയാടിസ്ഥാനത്തിൽ

## മലയാളം

• ജൂൺ ഒന്നിന് പ്രവേശനോത്സവുമായി ബന്ധപ്പെട്ട് പ്രവേശനോത്സവഗാനം സംഘടിപ്പിക്കാൻ തീരുമാനിച്ചു.

• പരിസ്ഥിതി ദിനം, വായനാദിനം, വായനാവാരാചരണം എന്നിവ വളരെ പ്രാധാന്യത്തോടെ നടത്താൻ തീരുമാനിച്ചു. പരിസ്ഥിതി ദിനത്തിൽ കുട്ടികൾക്ക് പരിസ്ഥിതി ദിന സന്ദേശം നൽകാനും, വായനാ ദിനത്തിന്റെ ഭാഗമായി വായനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായ ലൈബ്രറി പുസ്തക ശേഖരണം, പോസ്റ്റർ പ്രദർശനം, സാഹിത്യ ക്വിസ് തുടങ്ങിയവും നടത്താനാണ് തീരുമാനിച്ചത്

• തിരികെ സ്കൂളിലേക്ക്,

കുട്ടികളുടെ നിലവാരം മനസ്സിലാക്കാനായി Pre-test നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി പ്രശ്നങ്ങൾ പരിഹരിക്കാനും ആസൂത്രണം ചെയ്തു. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് കൊടുക്കാനും, അക്ഷരം ഉറപ്പിക്കൽ, വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ, കഥാപുസ്തകം നൽകി വായന കുറിപ്പ് തയ്യാറാക്കൽ, പത്രവായന തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചു.

• കുട്ടികളെ മികച്ച വായനക്കാരനാക്കാനും, മികച്ച എഴുത്തുകാരനാ ക്കാനും ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്താനാണ് തീരുമാനിച്ചത്. ക്ലാസ് ലൈബ്രറി കുട്ടികളുടെ സഹായത്തോടെ രൂപീകരിക്കാൻ തീരുമാനിച്ചു.

• സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക ചർച്ച എന്നിവ സംഘടിപ്പിക്കാൻ കുട്ടികളോടൊപ്പം അധ്യാപകരും ചേർന്ന് പ്രവർത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

• വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം, ദിനാചരണങ്ങൾ, എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നുണ്ട്

• ജൂലൈ മാസത്തിൽ മുഴുവൻ ക്ലാസുകളിലും IT അധിഷ്ഠിത പാഠഭാഗങ്ങൾ എടുക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നുണ്ട്. അതോടൊപ്പം യൂണിറ്റ് ടെസ്റ്റ് നടത്താനും തീരുമാനിച്ചു.

• ബഷീർ ദിനത്തോടനുബന്ധിച്ച് ബേപ്പൂർ സുൽത്താനെ ജനകീയമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്

• സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കുട്ടികളിലെ ഇന്ത്യൻ ദേശീയതയെ വളർത്താൻ വേണ്ടുന്ന പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു.

• ഗാന്ധിജയന്തി യുമായി ബന്ധപ്പെട്ട് അഹിംസാ രീതിയെ പ്രോത്സാഹിപ്പിക്കാനും ഈ കാലഘട്ടത്തിലെ കുട്ടികളിൽ ഗാന്ധിയൻ ആദർശങ്ങൾ എത്തിക്കാനും വേണ്ടി ഒരു പ്രഭാഷണം സംഘടിപ്പിക്കാൻ ആലോചിച്ചു.
• കേരളപിറവി ദിനം സമുചിതമായി ആഘോഷിക്കാൻ തീരുമാനിച്ചു. നവംബർ1 മുതൽ 7 വരെ വിവിധ കലാ പരിപാടികൾ ആസൂത്രണം ചെയ്തു. കേരളത്തിലെ വിവിധ കലാരൂപങ്ങളുടെ ചിത്രപ്രദർശനം, കേരളപിറവി ദിന ക്വിസ്സ് തുടങ്ങിയവ. ശിശു ദിനത്തിന്റെ ഭാഗമായി ശിശുദിന റാലി നടത്താൻ തീരുമാനിച്ചു.
* വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം, ദിനാചരണങ്ങൾ, എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളുംസംഘടിപ്പിക്കുന്നുണ്ട്
* വിദ്യാലയത്തിൽ വായനാ കോർണർ രൂപീകരിക്കാൻ തീരുമാനിച്ചു

## സംസ്കൃതം

| പ്രവർത്തനം | ഗുണഭോഗ്താവ് | കാലയളവ് | ഉത്തരവാദിത്തം | മോണിറ്ററിങ് |
|---|---|---|---|---|
| സംസ്കൃത ഗ്രന്ഥശാല | അധ്യാപകർ വിദ്യാർത്ഥികൾ രക്ഷിതാക്കൾ | ഒരു വർഷം | സംസ്കൃത അധ്യാപകൻ , വിദ്യാലയ സംസ്കൃത ഭാഷാ സമിതി, സംസ്കൃത വിദ്യാർഥികൾ | അധ്യാപകർ |

പശ്ചാത്തലം

കുട്ടികൾക്ക് പഠനാനുബന്ധ പ്രവർത്തനങ്ങൾ വിവിധ ഇടങ്ങളിൽ നിന്നും ശേഖരണം നടത്തി കണ്ടെത്താൻ സാധിക്കുന്നു.. അപ്രകാരം കുട്ടികൾക്ക് അറിവിന്റെ ആഴങ്ങളിലേക്ക് സഞ്ചരിക്കാൻ സാധിക്കുന്നു.

ലക്ഷ്യം :

- ഭാഷാ നൈപുണി വികസനം
- ലേഖന നൈപുണി വികാസം,
- വചന നൈപുണി വികാസം
- സംസ്കൃത സംഭാഷണ നൈപുണി ആർജ്ജിച്ചെടുക്കാൻ സഹായിക്കുന്നു.

നേട്ടം

160 കുട്ടികളിൽ 20% കുട്ടികളെയെങ്കിലും പലതരത്തിലുള്ള മത്സര പരിപാടികളിൽ പങ്കാളിത്തം ഉറപ്പാക്കാൻ സഹായിക്കുന്നു. കലോൽസവങ്ങളിലുള്ള പങ്കാളിത്തം കാലക്രമത്തിൽ കുട്ടികളിലും രക്ഷിതാക്കളിലും സംസ്കൃത ഭാഷയോടുള്ള ആഭിമുഖ്യം വളർത്താൻ സഹായിക്കുന്നു.

## അറബിക്

ജൂൺ ആദ്യവാരത്തിൽ തന്നെ ഒരു പ്രീ ടെസ്റ്റ് നടത്തി കുട്ടികൾ എവിടെ നിൽക്കുന്നു എന്ന് മനസ്സിലാക്കുന്നു

ആവശ്യമായ പഠന പിന്തുണ ഉറപ്പുവരുത്തുന്നു

കുട്ടികളുടെ അറബി ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നു

വായനാ ദിനത്തോടനുബന്ധിച്ച് അറബി സാഹിത്യകാരന്മാരുടെ കൃതികൾ വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു

അറബി പ്രസംഗ മത്സരം നടത്തും

ഡിസംബർ 18 അന്താരാഷ്ട്ര അറബി ദിനവുമായി ബന്ധപ്പെട്ട് അറബിഭാഷാ പഠനത്തിന്റെ പ്രധാന്യത്തെക്കുറിച്ച് ബോധവൽക്കരിക്കും

വിവിധ ദിനാചരണങ്ങൾ വിപുലമായി ആചരിക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുകയും ചെയ്യും

## ഹിന്ദി

- ഹിന്ദി ഭാഷയുടെ പ്രാധാന്യത്തെ കുറിച്ച് കുട്ടികളെ ബോധവാൻമാരാകുകയും ഹിന്ദി ഭാഷയിൽ കുട്ടികൾ എത്രമാത്രം അറിവ് നേടിയിരുന്നു മനസ്സിലാക്കാൻ pre test നടത്തും
- ജൂൺ മാസം തന്നെ ഹിന്ദി മഞ്ച് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനോദ്ഘാടനം നടത്തുകയും ചെയ്യും
- ഹിന്ദി ഭാഷയിൽ അഭിരുചി വരുത്താൻ സുരീലി ഹിന്ദി പോലുള്ള പ്രവർത്തനങ്ങൾ നടത്തും
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ വിവിധ പ്രവർത്തനങ്ങൾ നടത്തും അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ അക്ഷര കാർഡുകൾ നൽകൽ വാക്കുകൾ നിർമ്മിക്കൽ വാക്യങ്ങൾ നിർമ്മിക്കൽ ചിത്രം നൽകി ചിത്രത്തിന്റെ അടിസ്ഥാനത്തിൽ കഥപറയൽ നൽകിയതിനു ശേഷം ബാക്കി കഥ പൂർത്തിയാക്കാൻ കുട്ടികൾക്ക് നിർദേശം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തും
- ഹിന്ദി മഞ്ചിന്റെ നേതൃത്വത്തിൽ പ്രധാനപ്പെട്ട ദിവസങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും .ഹിന്ദി സാഹിത്യത്തിലെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ ജന്മദിനാ ചരണങ്ങൾ പരിസ്ഥിതിദിനം വായനാദിനം ബാലവേല വിരുദ്ധ ദിനം മുതലായ ദിവസങ്ങൾ പോസ്റ്റർ രചന പ്രസംഗമത്സരം വായനാമത്സരം ക്വിസ് കവിതാലാപന മത്സരം തുടങ്ങിയ പരിപാടികൾ നടത്തും
- വിവിധ പരിപാടികൾ നടത്തി കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം നൽകുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും
- ഹിന്ദി ഭാഷയിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസുകൾ നൽകും
- ഹിന്ദി ഭാഷയുടെ അഭിരുചി വരുത്താൻ അവർക്ക് ചെറിയ ചെറിയ ഹിന്ദി കഥ കവിത ചിത്രകഥാ പുസ്തകങ്ങൾ നൽകി അവരെ മികച്ച വായനക്കാരനാക്കാൻ ശ്രമിക്കും.
- വരുന്ന അഞ്ചുവർഷത്തിനുള്ളിൽ സ്കൂൾവിട്ട് ഇറങ്ങുന്ന ഓരോ കുട്ടിയും ഹിന്ദി ഭാഷ നന്നായി കൈകാര്യം ചെയ്യാനുള്ള പ്രാപ്തി കൈ വന്നിരിക്കും

## ഫിസിക്കൽ സയൻസ്

• സയൻസ് ലാബ് നവീകരണം
• ജൂൺ 5 പരിസ്ഥിതി ദിനം ചിത്രരചനാമത്സരം ചിത്രപ്രദർശനം
• ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനം ക്വിസ് മത്സരം
• ജൂലൈ 27 എപിജെ അബ്ദുൽ കലാം ചരമ ദിനം ആചരണം വീഡിയോ പ്രദർശനം
• ആഗസ്റ്റ് 6 സോഷ്യൽ സയൻസ് ക്ലാസ്സുമായി ചേർന്ന് ക്വിസ് മത്സരം
• സെപ്തംബർ 16 ഓസോൺ ദിനം പോസ്റ്റർ നിർമ്മാണം
• ഒക്ടോബർ 2 ഗാന്ധിജയന്തി ശുചീകരണം
• ഒക്ടോബർ 15 ലോക വിദ്യാർത്ഥി ദിനം അബ്ദുൽകലാം ജന്മദിനാ ചരണം
• സ്കൂൾ തല ശാസ്ത്ര പ്രദർശനം
• ഡിസംബർ 14 ഊർജ്ജസംരക്ഷണ ദിനം : ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്
• ഫെബ്രുവരി 28 ദേശീയ ശാസ്ത്ര ദിനം,ശാസ്ത്ര ശില്പശാല ശാസ്ത്രാഭിരുചി വളർത്താൻ
• പാഠഭാഗവുമായി ബന്ധപ്പെട്ട എല്ലാ പരീക്ഷണങ്ങളും കുട്ടികളെ പങ്കാളികളാക്കി ക്ലാസ് റൂമിൽ അവതരി പ്പി ക്കൽ
• ശാസ്ത്രവുമായി ബന്ധപ്പെട്ട എല്ലാ ദിനാചരണങ്ങളും വിവിധ പരിപാടികളോടുകൂടി നടത്തുക.
• ലാ ബ്നവീ കരണം
• സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള തല ശാസ്ത്രമേ ള ൻസ് ക്ലബ് പ്രവർത്തനങ്ങൾ ഊർജി തമാ ക്കു ന്നതി ന്റെ ഭാ ഗമാ യി
• ശാസ്ത്ര ക്വിസ്
• മാഗസിൻ
• ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ
• പ്ലാസ്റ്റിക് നിർമാർജന ബോധവൽക്കരണം
• പോസ്റ്റർ രചന
• ഉപന്യാസരചന
• കുട്ടികളിലെ ശാസ്ത്ര അഭിരുചി വളർത്തുന്നതിനായി ശാസ്ത്ര ചെറുകഥകൾ, ശാസ്ത്രജ്ഞന്മാ രുടെ ജീവചരിത്രം എന്നിവ വായിക്കാനുള്ള അവസരം നൽകൽ

## ബയോളജി

• ജൂൺ 5 :പരിസ്ഥിതി ദിനാചരണം വൃക്ഷതൈ നടീൽ വിതരണം
• ജൂൺ 14 :ലോക രക്തദാന ദിനം ബോധവൽക്കരണ ക്ലാസ്
• ജൂണ് 26: ലഹരി വിരുദ്ധ ദിനം:പോസ്റ്റർ നിർമ്മാണം ബോധവൽക്കരണം
• ആഗസ്ത് 3 ദേശീയ ഹൃദയ ശസ്ത്രക്രിയ ദിനം
പോസ്റ്റർ നിർമ്മാണം
• സെപ്റ്റംബർ 21 അൽഷിമേഴ്സ് ദിനം:സെമിനാർ
• ഒക്ടോബർ 1 ലോക രക്തദാന ദിനം
പോസ്റ്റർ നിർമ്മാണം സെമിനാർ
• ഒക്ടോബർ 12 ലോക കാഴ്ച ദിനം
പോസ്റ്റർ നിർമാണം നേത്രദാനം മഹാദാനം
• ഡിസംബർ 1 ലോക എയ്ഡ്സ് ദിനം
പോസ്റ്റർ നിർമ്മാണം,ബോധവൽക്കരണ ക്ലാസ്
• ഫെബ്രുവരി 4 ലോക അർബുദ ദിനം
പോസ്റ്റർ നിർമ്മാണം ബോധവൽക്കരണ ക്ലാസ്
• ഫെബ്രുവരി 12 ഡാർവിൻ ദിനം
മനുഷ്യ ഉല്പത്തിയെ കുറിച്ചുള്ള വിവര ശേഖരണവും പ്രദർശനവും
• ഫെബ്രുവരി 28 ദേശീയ ശാസ്ത്ര ദിനം ശാസ്ത്രജ്ഞൻമാരുടെ ഫോട്ടോ പ്രദർശനം ശാസ്ത്ര ക്വിസ്

. ശാസ്ത്ര ക്ലബ്ബിന്റെ വിവിധ പ്രവർത്തനങ്ങൾ

**English**

June 1st reopening day
Introduction of importance of English language
speech
Back to school
Motivational speech, Pre test
Reading day: Newspaper reading, reading articles
Empowerment of reading by giving library books
Unit test
Reading test
Special Days Celebration
Independence Day: speech, poem, English quiz
Teacher's day: September 5
Club formation
Public speaking
Skit (September, October, November)
copywriting (writing skill)
vocabulary enrichment (june onwards)
English Assembly (once in a week)
Book reviews
English Magazine (once ina year)
Assessment of LSRW (January, February)

**സാമൂഹ്യ ശാസ്ത്രം**

മനുഷ്യന്റെ സാമൂഹ്യ ജീവിതത്തെക്കുറിച്ച് പഠിക്കുകയും പ്രസ്തുത പഠനത്തിന് ശാസ്ത്രീയ രീതി പ്രയോഗിക്കുകയും ചെയ്യുന്ന പഠനശാഖയാണ് സാമൂഹ്യ ശാസ്ത്രം. സാമൂഹിക പുരോഗതിയെ സ്വാധീനിക്കുന്ന സംഭവങ്ങൾ, ആശയങ്ങൾ, പ്രതിഭാസങ്ങൾ, സ്ഥാപനങ്ങൾ, മുതലായവയെ കുറിച്ചുള്ള പരസ്പര ബന്ധിതവും മനുഷ്യകേന്ദ്രീകൃതവുമായ പഠനമാണ് സാമൂഹ്യ ശാസ്ത്രം. സാമൂഹ്യശാസ്ത്രം വിശാലമായ വിഷയമാണ് ചരിത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സാമൂഹശാസ്ത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, വാണിജശാസ്ത്രം, നരവംശശാസ്ത്രം, എന്നിങ്ങനെ വിപുലമായ വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള പഠന മേഖലയാണ് സാമൂഹ്യശാസ്ത്രത്തിലുള്ളത്. വൈവിധ്യങ്ങളെ അംഗീകരിക്കാനും, സഹിഷ്ണുതയോടെ പെരുമാറാനും സമൂഹത്തെ കുറിച്ചുള്ള ശരിയായ ധാരണ രൂപീകരിക്കാനും, സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കണ്ടെത്താനും, പുതിയ രീതിയിൽ പ്രശ്നങ്ങളെ വീക്ഷിക്കാനും പ്രശ്നപരിഹാരത്തിനു ഉള്ള ശേഷി സാമൂഹ്യ ശാസ്ത്ര പഠനത്തിലൂടെ കൈവരിക്കേണ്ടതുണ്ട്. കൂടാതെ പരിസ്ഥിതി ബോധം, സഹജീവി സ്നേഹം, സമത്വബോധം മുതലായ കാഴ്ചപ്പാടുകൾ പുതിയ തലമുറയിൽ സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ സൃഷ്ടിക്കേണ്ടതുണ്ട്

1.എല്ലാ കുട്ടികൾക്കും സൗഹൃദപരവും ശാസ്ത്ര കേന്ദ്രീകൃതവുമായ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കും
2. കുട്ടികൾ അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തും.
3.പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കും
4.പഠനംആഹ്ലാദകരമായ അനുഭവമാക്കി മാറ്റാൻ കെ.സി.ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും.
5.കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തും.
6. സാമൂഹ്യശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും.
7. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് ക്ലാസുകൾ അധിക സമയം കണ്ടെത്തി നൽകും.
8. പൊതുവിജ്ഞാനം വളർത്താവുന്ന തരത്തിൽ വായനശീലം വളർത്തും, പത്രവാ ർത്തകൾ വായിക്കുക, സാമൂഹ്യശാസ്ത്ര സംബന്ധമായ പുസ്തകങ്ങൾ ലൈബ്രറി സംവിധാനത്തിലൂടെ വിതരണം ചെയ്യുക മുതലായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
9. സാമൂഹ്യശാസ്ത്ര പ്രവർത്തനം സ്കൂൾതലത്തിൽ സംഘടിപ്പിക്കണം
10.സാമൂഹ്യശാസ്ത്ര ലാബ്- മ്യൂസിയം എന്നിവ വിപുലപ്പെടുത്തണം.
11. വിവിധ ദിനാചരണങ്ങൾ വിപുലമായി നടത്തണം ജൂൺ 5 പരിസ്ഥിതി ദിനം,ജൂലൈ 11 ലോക ജനസംഖ്യാദിനം,ജൂലൈ 21 ചാന്ദ്രദിനം,ആഗസ്റ്റ് 6 ഹിരോഷിമ ദിനം, ആഗസ്റ്റ് 9 നാഗസാക്കിദിനം, ക്വിറ്റ് ഇന്ത്യാദിനം ആഗസ്റ്റ് 15 സ്വതന്ത്ര്യദിനം, സെപ്റ്റംബർ 16 ഓസോൺ ദിനം, ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം, ഒക്ടോബർ 24 യുഎൻ ദിനം, നവംബർ 1 കേരളപ്പിറവി ദിനം, നവംബർ 14 ശിശുദിനം, ഡിസംബർ 10 മനുഷ്യാവകാശ ദിനം, ജനുവരി 26 റിപ്പബ്ലി ദിനം.നവംബർ 26 ഭരണഘടന ദിനം
ജനുവരി 14 വിവേകനന്ദ ജയന്തി
ഫെബ്രുവരി 28 ശാസ്ത്ര ദിനം
മാർച്ച് 21ലോക വന ദിനം
മാർച്ച് 22 ലോക ജല ദിനം

12.വാർഷിക പ്രവർത്തനം ഋതുഭേദങ്ങളും കാർഷിക മേഖലയും
ക്ലാസുകൾ-ചർച്ച ക്ലാസുകൾ - പതിപ്പ്- പ്രദർശനങ്ങൾ
സയൻസ് ലാബ് തയാറാകൽ
സയൻസ് മ്യൂസിയം
സഹവാസ ക്യാമ്പ് നടത്തൽ
സ്കൂൾ പാർലമെന്റ്
സോഷ്യൽ സയൻസ് റഫറൻസ് ലൈബ്രറി

## ഗണിതശാസ്ത്രം

ഗണിത ലോകത്ത് നാം കുറെയേറെ സഞ്ചരിച്ചു കഴിഞ്ഞു. ഇനിയും നമുക്ക് മുന്നോട്ടുപോകേണ്ടതുണ്ട്.സംഖ്യകളുടെ വിശാലമായ ലോകത്തേക്ക് ജ്യാമിതിയുടെ യുക്തികൾ തേടി ബീജഗണിതത്തിലെ പുതിയ തലങ്ങളിലേക്ക് അന്വേഷണം തുടരാമെന്ന് ഒരു ആമുഖം കുട്ടികൾക്ക് നൽകുന്നു.
1. ഗണിത പഠനം ലളിതവും രസകരവും ആക്കുക

2. വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക
3. ICT പഠനം പരമാവധി ഉപയോഗപ്പെടുത്തുക.
4. ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു
5. സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു
6. ഗുണന പട്ടികയുടെ ഉപയോഗം തിരിച്ചറിയുന്നു
7.ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു
8.വസ്തുക്കളെ ഗണിതങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു
9.ഗണിത പഠനം ലളിതം ആണെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു
10.കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു.
11. ഗണിതത്തിന്റെ പാഠപുസ്തകങ്ങൾക്ക് പുറമേ ഗണിതാഭിരുചി വളർത്താനുള്ള പുസ്തകങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു.
12. ജോമട്രിക്കൽ ചാർട്ട് വരയ്ക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.വിവിധ വീഡിയോ പ്രദർശനത്തിലൂടെ കൂടുതൽ കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്നു.
13.ജൂലൈ മാസത്തിൽ ഗണിത ക്ലബ്ബ് ഉദ്ഘാടനം ചെയ്യാനും പ്രവർത്തനങ്ങൾ ആരംഭിക്കാനും തീരുമാനിക്കുന്നു ഗണിതത്തിൽ താല്പര്യമുണ്ടാക്കുന്നതിന് വേണ്ടി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു.
14. ഡിസംബർ 22 ഗണിത ദിനം സമുചിതമായി ആചരിക്കാൻ തീരുമാനിക്കുന്നു
15. സബ്ജില്ലാ ജില്ലാതലമേളകൾക്കായി കുട്ടികളെ പ്രാപ്തരാക്കുന്നു.

പ്രവർത്തന പദ്ധതികൾ

1. മുത്തുകൾ,ബഹുവർണ ടോക്കൺ ഗെയിം, ബോർഡുകൾ,ഡൈസുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.
2. സ്ഥാനമില്ല പോക്കറ്റ് നിർമ്മാണം, സംഘടന പട്ടിക പ്രദർശനം,വിലവിവരപ്പട്ടിക പ്രദർശനം, കേക്ക്, പപ്പടം, ലഡു നൽകി തുല്യമായി പങ്കുവെക്കൽ, ജ്യാമിതീയ രൂപങ്ങൾ വരക്കൽ.
3. സങ്കലനം എളുപ്പത്തിൽ മനസ്സിലാക്കാൻ പേപ്പർ കട്ടിങ്ങുകൾ,സംഖ്യ കാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം പഠിപ്പിക്കാനും, പത്തിന്റെ കൂട്ടങ്ങൾ, കല്ല്,ഈർക്കിലി,വളപ്പൊട്ട് തുടങ്ങിയ ഗ്രൂപ്പുകൾ ഉപയോഗിച്ച് സങ്കലനം.
4.സംഖ്യാ ചാർട്ടുകൾ,ഡൈസ്,സംഖ്യാ സ്ലിപ്പുകൾ,സംഖ്യ മാല, പദസൂര്യൻ ഇവയുടെ നിർമ്മാണം

കൂടാതെ,

- ഗണിതത്തിൽ കുട്ടികൾക്കുള്ള അഭിരുചി മനസ്സിലാക്കാൻ പ്രവർത്തനങ്ങൾ നൽകുന്നു
- ഗണിതക്രിയകൾ താല്പര്യം ജനിപ്പിക്കുന്ന തരത്തിലുള്ള ചതുഷ്ക്രിയകൾ നൽകുന്നു അവരുടെ ശേഷി മനസ്സിലാക്കുന്നു
- സംഖ്യകളെ കുറിച്ച് വ്യക്തമായ ധാരണ കുട്ടികളിൽ ജനിപ്പിക്കുന്നു
- ജാമിതീയ രൂപങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് അവരുടെ ധാരണ മനസ്സിലാക്കുന്നു
- ബീജഗണിത ത്തിന്റെ ആവശ്യകത പ്രാധാന്യം ഇവ കുട്ടികളിൽ എത്തിക്കുന്നു
- ജോമെട്രിക് ഉപകരണങ്ങൾ പ്രായോഗിക സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള ശേഷി ഉറപ്പാക്കുന്നു വ്യക്തമായ ധാരണ ഉണ്ടാക്കുന്നത്
- ജൂലൈ മാസത്തിൽ ഗണിത ക്ലബ് ഉദ്ഘാടനം നടത്തുന്നു പ്രവർത്തനങ്ങൾ ആരംഭിക്കുന്നു ഗണിതത്തിൽ താല്പര്യം ഉണ്ടാക്കുന്നതിനു വേണ്ടി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു
- ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിത ക്വിസ് ഗണിത സെമിനാർ എന്നിവ നടത്തുന്നു
- ജോമട്രിക്കൽ ചാർട്ട് വരെയെന്ന കുട്ടികളെ കണ്ടെത്തുന്ന പ്രദർശനം നടത്തുന്നു ജോമട്രിക്കൽ ടാറ്റ വരെയുള്ള വിവിധ വീഡിയോ പ്രദർശനത്തിലൂടെ കൂടുതൽ കുട്ടികൾ താല്പര്യം ഉണ്ടാക്കുന്നു

- പാഠങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു
- ഓരോ യൂണിറ്റ് കഴിയുമ്പോഴും യൂണിറ്റ് നടത്തുന്ന കുട്ടികൾക്കുള്ള വിഷമം മനസ്സിലാക്കി കൂടുതൽ പ്രവർത്തനം നടത്തുന്നു.
- ഗണിതത്തിലെ പാഠപുസ്തകങ്ങൾക്ക് പുറമേ ഗണിത അഭിരുചി വളർത്താൻ ഉള്ള പുസ്തകങ്ങൾ കുട്ടികളിൽ പരിചയപ്പെടുത്തുന്നു
- ഗണിതത്തിൽ പുറകോട്ടുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസ് നൽകും
- ഡിസംബർ 22 ഗണിത ദിനം എല്ലാ വർഷത്തെയും പോലെ സമുചിതമായി നടത്തും
- BRC,IED,TEACHERS എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം ചെയ്ത നടപ്പിലാക്കും.
- പ്രഗത്ഭരുടെ സേവനം ഉറപ്പ് വരുത്തും

# ഉർദു

ആമുഖം

ഇന്തോ - ആര്യൻ ഭാഷാഗോത്രത്തിലെ പ്രധാന ഭാഷകളിലൊന്നാണ് ഉർദു . അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന സംഗീത സുന്ദരഭാഷയായ ഉർദു,ഗസലുകളുടേയും, ഖവാലികളുടേയും, ഹിന്ദുസ്ഥാനി സംഗീതത്തിന്റേയും അന്തർധാരയാണ്. സാംസ്ക്കാരിക സമന്വയത്തിന്റെയും, മാനവ സാഹോദര്യത്തിന്റെയും, മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷയായാണ് ഉർദു അറിയപ്പെടുന്നത്. ഇരിട്ടി ഹയർ സെക്കന്ററി സ്ക്കൂളിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പൊതുലക്ഷ്യങ്ങൾ:-

1) സ്വതന്ത്രമായ സർഗാത്മക രചനകൾ
2) സവിശേഷമായ വിഷയങ്ങൾക്ക് അനുസൃതമായി എഴുതാനും ചിത്രരചനക്കും പ്രാവീണ്യം വളർത്തിയെടുക്കുക
3) ഉർദു ഭാഷയോട് താൽപര്യം ജനിപ്പിക്കുക
4) കഥകൾ, കവിതകൾ, സംഭാഷണങ്ങൾ, അനുഭവക്കുറിപ്പുകൾ തുടങ്ങി പരിചയപ്പെടുന്ന രചനകളിൽ സ്വന്തം ജീവത പരിസരം, ജീവിതാനുഭവങ്ങൾ, സങ്കൽപങ്ങൾ, ഭാവന തുടങ്ങിയവ ഉൾപ്പെടുത്തി സർഗാത്മകമായ കൂട്ടിച്ചേർക്കലുകൾ നടത്തുക.
5) പരിചയപ്പെടുന്ന രചനകളെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റാനും അവതരിപ്പിക്കാനുമുള്ള ശേഷി വളർത്തുക
6) കൂട്ടുകാരോടും അധ്യാപകരോടും രക്ഷിതാക്കളോടും, മുതിർന്നവരോടും, സ്വതന്ത്ര്യമായി ആശയവിനിമയത്തിൽ ഏർപ്പെടുക.
7) കരിക്കുലം വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക
8) 8-മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉർദു വായിക്കാനും എഴുതാനും, ആശയവിനിമയം നടത്താനും സർഗാത്മക രചനകളിൽ ഏർപ്പെടാനുമുള്ള ശേഷി നേടുക.
9) എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കൈയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക
10 ) വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക

# മറ്റുള്ളവ

എൻസിസി, എസ് പി സി, ജെ ആർ സി, സ്കൗട്ട് ആൻഡ് ഗൈഡ് , തുടങ്ങിയവർ സ്കൂളിന്റെ അക്കാദമിക കാര്യങ്ങളിൽ കൂടാതെ സേവന കാര്യങ്ങളിലും ആരോഗ്യകാര്യങ്ങളിലും മുൻപന്തിയിൽ തന്നെയുണ്ട് .വിവിധ ദിനാചരണങ്ങൾ ആഘോഷിക്കുമ്പോഴും വിവിധ പരിപാടികൾ സ്കൂളിൽ സംഘടിപ്പിച്ചപ്പോഴും ഇത്തരം യൂണിറ്റുകൾ സ്കൂളിന് വളരെ സഹായകരം തന്നെ. ഓരോ വർഷവും സേവന മനോഭാവമുള്ള ഒരു പറ്റം വിദ്യാർഥികളെ ഞങ്ങൾ സമൂഹത്തിലേക്കയക്കുന്നു എന്നതിൽ ഏറെ അഭിമാനിക്കുന്നു.സ്കൂൾ ഹെൽത്ത് ക്ലബ് കുട്ടികളുടെ ആരോഗ്യകാര്യങ്ങളിൽ ജാഗരൂകരായി

പ്രവർത്തിക്കുകയും അയൺ ഗുളിക പോലുള്ളവയുടെ വിതരണങ്ങളിൽ സജീവമാണ് . കൗമാര ക്ലബ്ബ്, വത്സല ക്ലബ്ബ് തുടങ്ങിയവ വരുന്ന അക്കാദമിക് വർഷത്തിലും കുട്ടികളുടെ മാനസിക ശാരീരിക ആരോഗ്യം ഉറപ്പുവരുത്താൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് . ആരോഗ്യ കായിക വിദ്യാഭ്യാസം കുട്ടികളിൽ ഉറപ്പുവരുത്തുന്നതിന് വേണ്ടി ഇവിടെ കായികാധ്യാപകരുടെ നേതൃത്വത്തിൽ മികച്ച കായിക പരിശീലനം ഇവിടെ നൽകുന്നുണ്ട്. അത് അടുത്ത വർഷവും ഏറ്റവും മികച്ച രീതിയിൽ കൊണ്ടുപോവാൻ തീരുമാനിച്ചിട്ടുണ്ട്. മികച്ച ഒരു സംഗീതധ്യാപകൻ ഉള്ളതിനാൽ കുട്ടികളുടെ സംഗീത അഭിരുചി കണ്ടെത്തി അവർക്കുള്ള പരിശീലനം നൽകി വരുന്നു .അടുത്ത അക്കാദമിക വർഷം കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന കലയെ പുറത്തുകൊണ്ടുവരാൻ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

സ്കൂൾ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഓരോ മാസവും പുസ്തകാസ്വാദനക്കുറിപ്പ് മത്സരം സംഘടിപ്പിക്കും.

ഓരോ മാസവും ഏതെങ്കിലും ഒരു സാഹിത്യ കൃതിയെക്കുറിച്ചോ സാഹിത്യകാരനെ കുറിച്ചോ ഉള്ള ഒരു ചർച്ച സ്കൂളിൽ സംഘടിപ്പിക്കും. അതിനായി ഒരു പ്രാദേശിക സാഹിത്യകാരനെ സ്കൂളിൽ കൊണ്ടു വന്നു കുട്ടികളുമായി സംബന്ധിക്കാൻ ഉള്ള അവസരമുണ്ടാകുന്നു.

വിദ്യാഭ്യാസം നല്ല കാഴ്ചപ്പാടുകൾ വളർത്താൻ ഉള്ളതാണെന്നും അത് ജീവിതത്തിൽ പകർത്തുമ്പോൾ ആണ് വിദ്യാഭ്യാസ ലക്ഷ്യം പൂർത്തിയാക്കുന്നത്.വരുന്ന അഞ്ച് വർഷത്തിനുള്ളിൽ സ്കൂൾ വിട്ട് പുറത്തിറങ്ങുന്ന ഓരോ കുട്ടിയും ഇംഗ്ലീഷ്, ഹിന്ദി,മലയാളം എന്നീ ഭാഷകൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ പ്രാപ്തരായിരിക്കും.

കൂടാതെ വിദ്യാലയത്തിലെ കുട്ടികളും അധ്യാപകരും സ്ത്രീപുരുഷ തുല്യതയെക്കുറിച്ച് ബോധവാൻമാരും ആരോഗ്യപരമായ ആൺ പെൺ സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കുന്നവരുമായിരിക്കും.

അവസര തുല്യത നൽകി കുട്ടികൾ ഉയർന്ന സാംസ്കാരിക മൂല്യങ്ങൾ വളർത്തുന്നതിൽ ഈ സ്കൂൾ സദാ ശ്രമിച്ചുകൊണ്ടേയിരിക്കും.വിദ്യാലയത്തിന്റെ ദൗത്യ പൂർത്തീകരണത്തിനായുള്ള പ്രവർത്തനങ്ങളിൽ മുഴുവനാളുകളുടെയും പങ്കാളിത്തം ഉറപ്പു വരുത്തും.

ഓരോ കുട്ടിയിലും അന്തർലീനമായിക്കിടക്കുന്ന മികച്ചതിനെ പുറത്തുകൊണ്ടുവരാൻ ഈ സ്കൂളിലെ മുഴുവൻ അധ്യാപകരും അനധ്യാപകരും രക്ഷിതാക്കളും ഒരുമിച്ച് നിന്ന് പ്രയത്നിക്കും.

| ക്രന | പദ്ധതി | ലക്ഷ്യങ്ങൾ | ഗുണഭോക്താവ് | പ്രവർത്തനങ്ങൾ | പ്രവർത്തന കലണ്ടർ | കാലയളവ് | നിർവ്വഹണം | മോണിറ്ററിങ് | |
|---|---|---|---|---|---|---|---|---|---|
| 1 | ഭാഷാ മധുരം | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ | വിദ്യാർത്ഥികൾ | 1.പ്രീ ടെസ്റ്റ്<br>2.അക്ഷരം ഉറപ്പിക്കാൻ വാക്കുകൾ എഴുതിയ കാർഡ്<br>3.വാക്കുകൾ നിർമിക്കൽ<br>4.അടിക്കുറിപ്പ്<br>5.കഥ പറയൽ<br>6.കുട്ടിക്കവിതകളിലൂടെ<br>7.ഭാഷാപരമായ മുന്നോക്കത്തിനുള്ള വിവിധ വിഭവങ്ങൾ ലഭ്യമാക്കൽ | എല്ലാ ദിവസവും | ഒരു വർഷം | ക്ലാസ്സടിസ്ഥാനത്തിൽ | അധ്യാപകർ | 6 |
| 2 | വായനക്കളരി | കുട്ടിയെ മികച്ച വായനക്കാരനാക്കാൻ | വിദ്യാർത്ഥികൾ | 1.ക്ലാസ്സ്‌വായനക്കൂട്ടം<br>2.സ്കൂൾ ലൈബ്രറി നവീകരണം<br>3.വായനോത്സവം<br>4.വായനാനുഭവം പങ്ക് വെക്കൽ<br>5.ഇ വായന<br>6.ദിനാചരണങ്ങൾ | എല്ലാ ദിവസവും | ഒരു വർഷം | | അധ്യാപകർ | 6 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | ക്ലാസ്സടിസ്ഥാനത്തിൽ | | |
| 3 | എഴുത്തുകൂട്ടം | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | വിദ്യാർത്ഥികൾ | 1.എഴുത്തുകൂട്ട രൂപീകരണം 2.പുസ്തക ചർച്ച 3.ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ 4.വായനക്കുറിപ്പ് 5.ചുമർപത്രിക 6.മാഗസിൻ | എല്ലാ ദിവസവും | ഒരു വർഷം | ക്ലാസ്സടിസ്ഥാനത്തിൽ | അധ്യാപകർ | 6 |
| 4 | ഗ്രന്ഥശാല നവീകരണം | സ്കൂളിൽ മികച്ച ലൈബ്രറി ഒരുക്കി കുട്ടികളിൽ ഭാഷ വൈദഗ്ദ്യം വളർത്താൻ | വിദ്യാർത്ഥികൾ | 1.വായനക്കുറിപ്പ് 2.ആസ്വാദനക്കുറിപ്പ് 3.സാഹിത്യകാരനുമായുള്ള സംവാദം 4.വായനാസമഗ്രികൾ ഒരുക്കൽ | എല്ലാ ദിവസവും | ഒരു വർഷം | ക്ലാസ്സടിസ്ഥാനത്തിൽ | അധ്യാപകർ | 6 |
| 5 | ക്ലാസ്സ്റൂം ലൈബ്രറി | വായന മെച്ചപ്പെടുത്തൽ | വിദ്യാർത്ഥികൾ | 1.വായനക്കുറിപ്പ് 2.ആസ്വാദനക്കുറിപ്പ് | എല്ലാ ദിവസവും | ഒരു വർഷം | സ്കൂളടിസ്ഥാനത്തിൽ | അധ്യാപകർ | 6 |
| 6 | പൊതുവേദിയിലെ പ്രകടനങ്ങൾ | കുട്ടികളിലെ സഭാകമ്പം മാറ്റിയെടുക്കാൻ | വിദ്യാർത്ഥികൾ | കുട്ടികളിലെ ഭയം,സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അവസര | രണ്ടാഴ്ച കൂടുമ്പോൾ | ഒരു വർഷം | ക്ലാസ്സടിസ്ഥാനത്തിൽ | അധ്യാപകർ | 6 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 10 | സർഗാത്മകത | സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കാൻ | വിദ്യാർത്ഥികൾ | കഥ,കവിത, രചനകൾ, ചിത്രചന,ഡിജിറ്റൽ ഉൽപ്പന്നങ്ങൾ തുടങ്ങിയവയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തുകയും അത് അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്യും | weekly | ഒരു വർഷം | സ്കൂളടിസ്ഥാനത്തിൽ | അധ്യാപകർ | 6 |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | റിമാർക്സ് |
|---|---|---|---|---|
| ലഹരി വിമുക്ത ക്യാമ്പസ് | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ബോധവൽക്കരണം നൽകുക.ഇതുമായി ബന്ധപ്പെട്ട പോസ്റ്റർ, ക്വിസ് മത്സരം തുടങ്ങിയവ നടത്തുക | ഒരു വർഷം | സ്കൂൾതല സമിതികൾ ലഹരി വിമുക്ത ക്ലബ്ബ് | സമ്പൂർണ്ണ ലഹരി വിമുക്ത ക്യാമ്പസ് ആക്കി മാറ്റുക |
| പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക | കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ വേണ്ടി ദിവസവും ക്ലാസുകളിൽ പ്രശ്നോത്തരി നടത്തുക | ഒരു വർഷം | അധ്യാപകർ | കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക. |

J